"ഭരണഭാഷ-മാതൃഭാഷ"

No.DWCD/1216/2022-E8

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 28/05/2022
E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ കീഴ്ക്കാര്യാലയ മേധാവികൾക്കും

സർ,

വിഷയം:- വനിതാ ശിശുവികസന വകുപ്പ്- 2022 വർഷത്തെ കേരള പുരസ്കാരങ്ങൾ - നാമനിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 16 .3 .22 തീയതിയിലെ നം.466 / എസ് .സി -2 / 2021 /പൊ.ഭ .വ ഉത്തരവ്

2. 24.03.2022 തീയതിയിലെ നം.466/എസ്.സി2/2021/ പൊ.ഭ (എസ്.സി) സർക്കാർ കത്ത് .

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു .വിവിധ മേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് , അവർ സമൂഹത്തിനു നൽകിയ സമഗ്ര സംഭാവനകൾ കണക്കിലെടുത്ത് കേരള പുരസ്കാരങ്ങൾ എന്ന നാമധേയത്തിൽ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പരമോന്നത പുരസ്കാരങ്ങൾക്കുവേണ്ടിയുള്ള 2022 വർഷത്തെ നാമനിർദേശങ്ങൾ സമർപ്പിക്കുന്നതിന് സൂചന (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ആയത് സംബന്ധിച്ച പൊതു ജനങ്ങൾക്ക് അവബോധം നൽകുന്നതിന് എല്ലാ വകുപ്പിലെ എല്ലാ കീഴ്ക്കാര്യാലയ മേധാവികളും ശ്രദ്ധ പതിപ്പിക്കേണ്ടതാണ് .സർക്കാർ കത്തിൻറെയും വിജ്ഞാപനത്തിന്റെയും പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിശ്വസ്തതയോടെ,

വനിതാ ശിശു വികസന ഡയറക്ടർക്കുവേണ്ടി

E-166820/22/ഏരോ

ചീഫ് സെക്രട്ടറിയുടെ കാര്യാലയം
പൊതുഭരണ (അതീവ രഹസ്യം) വകുപ്പ്
തിരുവനന്തപുരം-695 001

**നം.466/എസ്.സി.2/2021/പൊ.ഭ.(എസ്.സി.)** **തീയതി. 24.03.2022.**

ചീഫ് സെക്രട്ടറി

എല്ലാ വകുപ്പ് മേധാവികൾക്കും

സർ,

വിഷയം:- പൊ.ഭ.വ. - വിവിധമേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് അവർ സമൂഹത്തിന് നൽകിയ സമഗ്ര സംഭാവനകൾ കണക്കിലെടുത്ത് "കേരള പുരസ്കാരങ്ങൾ" എന്ന നാമധേയത്തിൽ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പരമോന്നത പുരസ്കാരങ്ങൾക്കുവേണ്ടിയുള്ള 2022 വർഷത്തെ നാമനിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. 21.10.2021. തീയതിലെ സ.ഉ.(പി) നം. 27/2021/പൊ.ഭ.വ.
2. 16.03.2022 തീയതിയിലെ ഇതേ നമ്പർ വിജ്ഞാപനം.

വിവിധമേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് അവർ സമൂഹത്തിന് നൽകിയ സമഗ്ര സംഭാവനകൾ കണക്കിലെടുത്ത് "കേരള പുരസ്കാരങ്ങൾ" എന്ന നാമധേയത്തിൽ സൂചന(1) പ്രകാരം സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പരമോന്നത പുരസ്കാരങ്ങൾക്കുവേണ്ടിയുള്ള 2022-ലെ നാമനിർദ്ദേശങ്ങൾ സമർപ്പിക്കുന്നത് സംബന്ധിച്ച് സൂചന(2) പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനത്തിന്റെ പകർപ്പ് ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,

ആർ. ഗോപകുമാർ
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി
ചീഫ് സെക്രട്ടറിക്കു വേണ്ടി

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>വ്യാഴം<br>Thiruvananthapuram,<br>Thursday | 2022 മാർച്ച് 24<br>24th March 2022<br>1197 മീനം 10<br>10th Meenam 1197<br>1944 ചൈത്രം 3<br>3rd Chaithra 1944 | നമ്പർ<br>No. 982 |

### കേരള സർക്കാർ

പൊതുഭരണ (എസ്.സി) വകുപ്പ്

### വിജ്ഞാപനം

നം. 466/എസ്.സി2/2021/പൊ.ഭ.വ 16.03.2022

തിരുവനന്തപുരം

വിവിധ മേഖലകളിലെ വിശിഷ്ട വ്യക്തിത്വങ്ങൾക്ക് അവർ സമൂഹത്തിന് നൽകിയ സമഗ്ര സംഭാവനകൾ കണക്കിലെടുത്ത് "കേരള പുരസ്കാരങ്ങൾ" എന്ന പേരിൽ പരമോന്നത പുരസ്കാരങ്ങൾ ഏർപ്പെടുത്തുന്നതിന് 21.10.2021. തീയതിയിലെ സ.ഉ.(പി) 27/2021/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത പുരസ്കാരങ്ങൾ "കേരള ജ്യോതി", "കേരള പ്രഭ", "കേരള ശ്രീ" എന്നിങ്ങനെ മൂന്ന് വിഭാഗങ്ങളിലായാണ് നൽകുന്നത്.

2. വിവിധ മേഖലകളിലെ സമഗ്രസംഭാവനകൾ കണക്കിലെടുത്ത് ഒന്നാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരമായ കേരള ജ്യോതി വർഷത്തിൽ ഒരാൾക്കും, രണ്ടാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരമായ കേരള പ്രഭ വർഷത്തിൽ രണ്ടുപേർക്കും, മൂന്നാമത്തെ പരമോന്നത സംസ്ഥാന പുരസ്കാരമായ കേരള ശ്രീ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വർഷത്തിൽ അഞ്ചുപേർക്കും എന്ന ക്രമത്തിൽ നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. കേരള പിറവി ദിനമായ നവംബർ ഒന്നിനാണ് പുരസ്കാരങ്ങൾ പ്രഖ്യാപിക്കുന്നത്.

3. **പുരസ്കാരങ്ങൾക്കായുള്ള നാമനിർദ്ദേശങ്ങൾ ഓൺലൈനായി www.keralapuraskaram.kerala.gov.in എന്ന വെബ്സൈറ്റ് മുഖേനയാണ് സമർപ്പിക്കേണ്ടത്. ഓൺലൈൻ മുഖേനയല്ലാതെ നേരിട്ട് ലഭിക്കുന്ന നാമനിർദ്ദേശങ്ങൾ യാതൊരുകാരണവശാലും പരിഗണിക്കുകയില്ല.**

4. വർണ്ണം, വർഗ്ഗം, ലിംഗം, ജാതി, തൊഴിൽ, പദവി ഭേദമന്യേ കല, സാമൂഹ്യസേവനം, പൊതുകാര്യം, സയൻസ്&എഞ്ചിനീയറിംഗ്, വ്യവസായ-വാണിജ്യം, സാഹിത്യം, വിദ്യാഭ്യാസം, ആരോഗ്യം, സിവിൽ സർവ്വീസ്, കായികം, മറ്റ് മേഖലകൾ എന്നിങ്ങനെ വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരെയാണ് കേരള പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നത്. കേരള പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നവർക്ക് പ്രത്യേക അടിസ്ഥാന യോഗ്യത നിശ്ചയിച്ചിട്ടില്ല. എന്നാൽ അവരവരുടെ മേഖലകളിൽ ആജീവനാന്ത സംഭാവനകൾ കണക്കിലെടുത്താകണം പുരസ്കാരത്തിനുള്ള നാമനിർദ്ദേശം സമർപ്പിക്കേണ്ടത്. നാമനിർദ്ദേശം ചെയ്യുമ്പോൾ അവരവരുടെ മേഖലകളിൽ അസാധാരണമായ നേട്ടങ്ങൾ കരസ്ഥമാക്കിയവരെയും സമൂഹത്തിന് വിശിഷ്ടമായ സേവനം ചെയ്ത വ്യക്തികളെയും തെരഞ്ഞെടുക്കുന്നതിൽ പ്രത്യേക ശ്രദ്ധപതിപ്പിക്കേണ്ടതാണ്. ഒരു വ്യക്തിയെ ശിപാർശ ചെയ്യുമ്പോൾ, ആ വ്യക്തിയെ സംബന്ധിച്ച് ആവശ്യമായ എല്ലാ വിശദാംശങ്ങളും ശരിയായി രേഖപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. കൂടാതെ, നാമനിർദ്ദേശം നടത്തുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങൾകൂടി ശ്രദ്ധിക്കേണ്ടതാണ്.

i. ***കേരള പുരസ്കാരങ്ങൾക്കായി വ്യക്തികൾക്ക് നേരിട്ട് അപേക്ഷ സമർപ്പിക്കാൻ കഴിയുകയില്ല, എന്നാൽ ആർക്കും മറ്റുള്ളവരെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.***

ii. നാമനിർദ്ദേശം ചെയ്യുന്നയാൾ/സംഘടന കേരള പുരസ്കാരങ്ങളുടെ ഓരോ വിഭാഗത്തിൽ നിന്നും ഒന്നുവീതം (കേരള ജ്യോതി -1, കേരള പ്രഭ -1, കേരള ശ്രീ -1) എന്ന ക്രമത്തിൽ പരമാവധി മൂന്ന് നാമനിർദ്ദേശങ്ങൾ മാത്രമെ ചെയ്യുവാൻ പാടുള്ളൂ.

iii. കേരള പുരസ്കാരങ്ങൾ മരണാനന്തര ബഹുമതിയായി നൽകുന്നതല്ല.

iv. ഡോക്ടർമാർ, ശാസ്ത്രജ്ഞർ എന്നിവർ ഒഴികെ പൊതുമേഖല സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവർ ഉൾപ്പെടെയുള്ള സർക്കാർ ഉദ്യോഗസ്ഥർ അവാർഡിന് അർഹരല്ല. സർക്കാർ ഉദ്യോഗസ്ഥരെ ജോലിയിൽ നിന്നും വിരമിച്ചശേഷം മാത്രം പുരസ്കാരങ്ങൾക്കായി പരിഗണിക്കാവുന്നതാണ്.

v. "പുരസ്കാരത്തിനായി നാമനിർദ്ദേശം ചെയ്യപ്പെട്ട വ്യക്തി, നാമനിർദ്ദേശത്തിനായി വ്യക്തിപരമായ ശിപാർശ നൽകിയിട്ടില്ല" എന്ന ഒരു സാക്ഷ്യപത്രം നാമനിർദ്ദേശം ചെയ്യുന്നയാൾ/സംഘടന നൽകേണ്ടതാണ്.

5. പുരസ്കാരങ്ങൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങളും നാമനിർദ്ദേശം ഓൺലൈനായി സമർപ്പിക്കുമ്പോൾ പാലിക്കേണ്ട നിർദ്ദേശങ്ങളും www.keralapuraskaram.kerala.gov.in എന്ന വെബ്സൈറ്റിലെ '**വിജ്ഞാപനം**' എന്ന ലിങ്കിൽ ലഭ്യമാണ്.

6. 2022-ലെ കേരള പിറവി ദിനത്തോടനുബന്ധിച്ച് പ്രഖ്യാപിക്കേണ്ട കേരള പുരസ്കാരങ്ങൾക്കുള്ള നാമനിർദ്ദേശങ്ങൾ ***ഓൺലൈനായി 2022 ഏപ്രിൽ 1 മുതൽ സമർപ്പിക്കാവുന്നതാണ്.*** നാമനിർദ്ദേശങ്ങൾ സമർപ്പിക്കാനുള്ള ***അവസാന തീയതി 2022 ജൂൺ 30 ആണ്.*** 2022 ഏപ്രിൽ 1 മുതൽ ജൂൺ 30 വരെ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ഓൺലൈനായി ലഭിക്കുന്ന നാമനിർദ്ദേശങ്ങൾ** മാത്രമെ 2022-ലെ കേരള പുരസ്കാരങ്ങൾക്കായി പരിഗണിക്കുകയുള്ളൂ. നാമനിർദ്ദേശവുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾക്ക് 0471-2518531, 0471-2518223 എന്നീ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

**ഡോ. വി പി ജോയ്**
**ചീഫ് സെക്രട്ടറി**

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Salim A
Date:2022.03.24 02:43:55 +05